# 64. ശ്രീനാരായണ സ്മൃതി

ദർശനം, ആചാരം എന്ന രണ്ടു ഘടകങ്ങൾ എല്ലാ മതങ്ങൾക്കുമുണ്ട്. മനുഷ്യൻ, ഈശ്വരൻ, പ്രപഞ്ചം എന്നിവയെയും ഇവയുടെ പരസ്പരബന്ധത്തെയും സംബന്ധിച്ച ധാരണകളാണു ദർശനത്തിൽ അടങ്ങുന്നതു്. പ്രപഞ്ചത്തിൽ, സമൂഹത്തിൽ, മനുഷ്യൻ ജീവിക്കേണ്ടതു് എങ്ങനെ എന്നതു സംബന്ധിച്ച ധാരണകൾ ആചാരത്തിൽ ഉൾക്കൊള്ളുന്നു.

ബ്രഹ്മവിദ്യയാണ് ഹിന്ദുമതത്തിന്റെ ദർശനം. പ്രപഞ്ചത്തിന്റെ ഉല്പത്തിസ്ഥിതിവിനാശങ്ങൾക്കു കാരണം ബ്രഹ്മമാകുന്നു എന്ന ജ്ഞാനമത്രേ ബ്രഹ്മവിദ്യ. ബ്രഹ്മവും മനുഷ്യാത്മാവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വ്യത്യസ്ത വീക്ഷണങ്ങൾ നിലവിലുണ്ട്. അദ്വൈതം, ദ്വൈതം, വിശിഷ്ടാദ്വൈതം മുതലായ വിഭിന്ന പ്രസ്ഥാനങ്ങൾ ബ്രഹ്മവിദ്യയ്ക്കുള്ളിൽ രൂപംകൊള്ളാനുള്ള കാരണം ഈ വീക്ഷണഭേദം ആകുന്നു. ഇവയിൽ ഏറ്റവുമധികം പ്രചാരമാർജിച്ച വീക്ഷണം ശങ്കരാചാര്യർ സ്ഥാപിച്ച അദ്വൈതദർശനമത്രേ. ശ്രീനാരായണഗുരു അദ്വൈതദർശനത്തെ കലവറകൂടാതെ സ്വീകരിച്ച്, ദർശനമാല, ആത്മോപദേശശതകം മുതലായ തന്റെ പ്രധാനകൃതികളിൽ പ്രതിപാദിച്ചു. 'നാം ശങ്കരന്റെ അനുയായി ആണ്'' എന്നു ഗുരു പ്രസ്താവിച്ചിട്ടുള്ളതു് പ്രസിദ്ധമാകുന്നു.

ഹിന്ദുമതത്തിന്റെ ആചാരമെന്ന ഘടകം ഊന്നിയിരുന്നതു് വർണാശ്രമധർമസങ്കല്പത്തിലാണ്. ഗുണ–കർമ–വിഭാഗമനുസരിച്ച് ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്ന നാലു വർണങ്ങളും അനേകം അവാന്തരജാതികളും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നും ഓരോ വർണ്ണത്തിനും ജാതിക്കും നിയതമായ ധർമം (ആചാരക്രമം) ഉണ്ടെന്നും സ്മൃതികളിൽ പ്രതിപാദിക്കുന്ന ആ ധർമം അനുസരിച്ച് ജീവിക്കുന്നതു് ഇഹ–പരലോകങ്ങളിൽ ശ്രേയസ്സിനു കാരണമാകുമെന്നും ഉള്ള ധാരണയെയാണ് വർണധർമസങ്കല്പം എന്നു പറയുന്നതു്. ഹിന്ദുസമൂഹത്തിലെ ജാതിവ്യവസ്ഥയെ ന്യായീകരിച്ചിരുന്നതു് വർണധർമസങ്കല്പത്തിന്റെ പേരിലാണ്. ശങ്കരാചാര്യർ വർണ്ണധർമസങ്കല്പത്തെ അംഗീകരിക്കുകയാണു ചെയ്തിട്ടുള്ളതു്.

എന്നാൽ, നാരായണഗുരു ഇക്കാര്യത്തിൽ ശങ്കരന്റെ അനുയായി ആയിരുന്നില്ല. 'മനുഷ്യനു് ഒരു ജാതി' എന്നു പറഞ്ഞപ്പോൾ നാരായണഗുരു ചെയ്തതു് വർണ്ണധർമസങ്കല്പത്തെ പാടെ നിരസിക്കുകയായിരുന്നു. 'മനുഷ്യൻ നന്നായാൽ മതി' എന്നു പറഞ്ഞപ്പോഴാകട്ടെ, 'വർണധർമ'ത്തിന്റെ സ്ഥാനത്തു് ഗുരു 'മനുഷ്യധർമ'ത്തെ പ്രതിഷ്ഠിക്കുകയും ചെയ്തു. നാരായണഗുരു സമൂഹത്തിൽ ദർശനത്തിന്റെ തുടർച്ചയെ ബലപ്പെടുത്തുകയും ആചാരത്തിന്റെ തുടർച്ചയെ അറുത്തു നീക്കിക്കളയുകയും ചെയ്തു. ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം അതോടെ വേദാന്തം പ്രസക്തമെങ്കിലും ധർമശാസ്ത്രം (സ്മൃതികൾ) അപ്രസക്തമായിത്തീർന്നു.

ഓരോ മനുഷ്യനും തന്റെ ജീവിതകാലത്തിൽ വ്യത്യസ്തങ്ങളായ നാലു ഘട്ടങ്ങളിലൂടെ കടന്നുപോകണമെന്നും ഈ ഘട്ടം ഓരോന്നിലും വ്യത്യസ്തങ്ങളായ ആചാരങ്ങൾ പുലർത്തണമെന്നുമുള്ള ധാരണയാണ് 'ആശ്രമധർമസങ്കല്പം'. വിദ്യാഭ്യാസത്തിന്റെ ഘട്ടമായ ബ്രഹ്മചര്യം, കുടുംബജീവിതത്തിന്റെ ഘട്ടമായ ഗാർഹസ്ഥ്യം, ലോകകാര്യങ്ങളിൽനിന്നൊഴിഞ്ഞും ആദ്ധ്യാത്മികകാര്യങ്ങളിൽ ശ്രദ്ധിച്ചും കുടുംബത്തിൽത്തന്നെ കഴിഞ്ഞുകൂടുന്ന വാനപ്രസ്ഥം, സർവ്വസംഗപരിത്യാഗംചെയ്തു് വീടുവിട്ടു് പരിവ്രാജകനായി ലോകാനുഗ്രഹാർത്ഥം കർമംചെയ്തു് ആത്മധ്യാനനിരതനായി വർത്തിക്കുന്ന സന്ന്യാസം എന്ന നാലു്

ആശ്രമങ്ങൾ പ്രസിദ്ധങ്ങളാണല്ലോ. ബ്രഹ്മചര്യാശ്രമവും ഗൃഹസ്ഥാശ്രമവും സാധാരണക്കാരായ ഏവർക്കും വിധിക്കപ്പെട്ടവയാണെന്നു് ശ്രീനാരായണഗുരു കരുതി. വാനപ്രസ്ഥാശ്രമം ആധുനിക ജീവിതചര്യയ്ക്കു പററിയതല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണം. സന്ന്യാസമെന്നതു് സമൂഹത്തിൽ അപൂർവം ചിലർക്കു മാത്രം പ്രാപ്യമാണെന്നും അദ്ദേഹത്തിനു് അഭിപ്രായമുണ്ടായിരുന്നു. ആശ്രമ ധർമസങ്കല്പത്തെ ശ്രീനാരായണഗുരു ഭാഗികമായി അംഗീകരിക്കുകയും കാലാനുസൃതമായി ഈ സങ്കല്പം പരിഷ്കരിക്കേണ്ടതുണ്ടെന്നു് കരുതുകയും ചെയ്തു. ശ്രീനാരായണഗുരുവിന്റെ അനുയായികളെന്നു സ്വയം പ്രഖ്യാപിക്കുന്ന പലരും അദ്ദേഹത്തിന്റെ അദ്വൈതദർശനം അംഗീകരിക്കാത്ത ശുദ്ധഭൗതികവാദികളാണു്. വർണധർമതിരസ്കാരം മാത്രമാണു് ഗുരുവിന്റെ സംഭാവനയായി ഇവർ കാണുന്നതു്. ഗുരുവിന്റെ മററു ചില അനുയായികൾക്കാകട്ടെ, നാരായണഗുരു നടപ്പിൽവരുത്തിയ ക്ഷേത്രാരാധന, തീർത്ഥയാത്ര മുതലായവയിൽ മാത്രമേ താല്പര്യം കാണുന്നുള്ളു. ശ്രീനാരായണധർമത്തെ അതിന്റെ സമഗ്രരൂപത്തിൽ കാണുകയും ആചാരങ്ങൾ സംബന്ധിച്ച ഗുരുവിന്റെ അഭിപ്രായങ്ങളോടൊപ്പം അദ്ദേഹത്തിന്റെ ദർശനംകൂടി ഉൾക്കൊള്ളുകയും ചെയ്യുമ്പോഴേ ഒരാൾ യഥാർത്ഥത്തിൽ ശ്രീനാരായണഗുരുവിന്റെ അനുയായി ആകുന്നുള്ളു.

(26 ആഗസ്റ്റ്, 1988)

# 65. ഗംഗാശരൺ സിൻഹ

ബീഹാറിലെ സ്വാതന്ത്ര്യയോദ്ധാക്കളിൽ പ്രമുഖനായിരുന്ന ബാബു ഗംഗാശരൺ സിൻഹ 1988 ആഗസ്റ്റ് 19-ാം തീയതി ദില്ലിയിലെ രാംമനോഹർ ലോഹിയ ആസ്പത്രിയിൽവെച്ചു് എൺപത്തിമൂന്നാം വയസ്സിൽ നിര്യാതനായി. ഇരുപതാം തീയതി ദില്ലിയിൽനിന്നു തിരിച്ചുവരുംവഴി വിമാനത്തിൽവെച്ചാണു് ഈ വാർത്ത ഞാൻ അറിഞ്ഞതു്. അദ്ദേഹം ആസ്പത്രിയിലാണെന്ന വിവരം തലേന്നു് അറിഞ്ഞിരുന്നുവെങ്കിൽ അവസാനമായി അദ്ദേഹത്തെ ഒരിക്കൽക്കൂടി ചെന്നു കാണുവാൻ എനിക്കു സാധിക്കുമായിരുന്നു.

രാജേന്ദ്രപ്രസാദ്, ജയപ്രകാശ് നാരായൺ മുതലായ ദേശീയനേതാക്കളുടെ ശ്രേണിയിലാണു് ബീഹാറിൽ 'ഗംഗാബാബു' പരിഗണിക്കപ്പെട്ടിരുന്നതു്. പട്നയ്ക്കടുത്തു് ഒരു ഗ്രാമത്തിൽ അത്യന്തം സമ്പന്നമായ ഒരു ജമീൻദാർ കുടുംബത്തിൽ പിറന്ന അദ്ദേഹം വിദ്യാർത്ഥിയായിരിക്കെത്തന്നെ സ്വാതന്ത്ര്യസമരത്തിലേക്കു് ആകർഷിക്കപ്പെട്ടു. പലകുറി തടവുശിക്ഷ അനുഭവിക്കേണ്ടിവന്ന അദ്ദേഹത്തിന്റെ ജയിൽവാസങ്ങളെപ്പററി ഒരുപാടു കഥകൾ ഞാൻ കേട്ടിട്ടുണ്ടു്. ഒരിക്കൽ വീട്ടുകാർ ജയിലിലേക്കു് അയച്ച മാമ്പഴം തന്നെപ്പോലെ എത്രയോ സ്വാതന്ത്ര്യഭടന്മാർ തടവുശിക്ഷ അനുഭവിക്കുന്നുണ്ടെന്നും അവർക്കു കിട്ടാത്ത ഒരു വിശിഷ്ടഭോജ്യം തനിക്കു് ആവശ്യമില്ലെന്നും പറഞ്ഞു് അദ്ദേഹം നിരസിച്ചുവത്രേ. ഉടൻ വീട്ടിൽനിന്നു രണ്ടു വണ്ടി നിറയെ മാമ്പഴം ജയിലിലെത്തി. തടവുപുള്ളികൾക്കെന്നപോലെ ജയിലധികൃതർക്കും പിന്നെ കുറെ ദിവസങ്ങൾ 'മാമ്പഴദിവസ'ങ്ങളായിരുന്നു. ഇതുപോലെ ജയിലിൽ ഗംഗാബാബു നടത്തിയ അവിൽ–ശർക്കര വിതരണങ്ങളെപ്പററിയുമുണ്ടു് കഥകൾ. തടവുകാരുടെ ഒരു നിത്യസ്വപ്നമാണു് സ്വാദിഷ്ഠമായ ഭക്ഷണമെന്ന വസ്തുതയുമായി ബന്ധപ്പെടുത്തി നോക്കുമ്പോഴേ ഈ സംഭവങ്ങളുടെ പ്രാധാന്യം വെളിപ്പെടുകയുള്ളു.

ചെറുപ്പത്തിൽത്തന്നെ ഗംഗാബാബു നേതൃപദവിയിലേക്കു് ഉയർന്നു.